**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5278** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷികോൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോൽപ്പാദന ക്ഷമത, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനം തുടങ്ങിയവ വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രധാന വിളകൾ കേന്ദ്രീകരിച്ചും, കാർഷിക മേഖലകൾ കേന്ദ്രീകരിച്ചുമുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 23 കാർഷിക മേഖലകളായി (Agro Ecological Zones) തിരിച്ച് ഓരോ മേഖലയ്ക്കും അനുയോജ്യമായ രീതിയിലുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br><br>വിവിധ വിളകളുടെ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, ഉല്പാദനോ പാധികളുടെ വിതരണം, അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തലും വിതരണവും തുടങ്ങിയ സമീപനങ്ങൾ സ്വീകരിച്ചുവരുന്നു. നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, ഫലവർഗ്ഗ വികസന പദ്ധതി, പൂക്കളുടെയും ഔഷധ സസ്യങ്ങളുടെയും വികസനം, സുഗന്ധവിള വികസനം തുടങ്ങിയ വിള അധിഷ്ഠിത പദ്ധതികളിലൂടെ ഉല്പാദന വർധനവും ഉല്പാദന ക്ഷമത വർധനവും ലക്ഷ്യംവയ്ക്കുന്നുണ്ട്.<br><br>സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനും വരുമാന ഭദ്രതയ്ക്കും വേണ്ടി എല്ലാത്തരം ജനവിഭാഗങ്ങളെയും സാധ്യമായ എല്ലാ ഭൂഭാഗങ്ങളിലും കൃഷി ചെയ്യുന്നതിനും വിഷ രഹിത ഭക്ഷണം എന്ന പേരിൽ വിപണനം ചെയ്യുന്നതിനും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോട് കൂടി നടപ്പിലാക്കുന്ന ജനകീയ ക്യാമ്പയിനായ 'ഞങ്ങളും കൃഷിയിലേക്ക്' നടപ്പിലാക്കിവരുന്നു. 'ഞങ്ങളും കൃഷിയിലേക്ക്' ക്യാമ്പയ്നിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 25,887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ഓഗസ്റ്റ് 17) |

കർഷകദിനത്തോടനുബന്ധിച്ച് 1,02,314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയും ആരംഭിച്ചു.

കർഷകരുടെ വരുമാന വർദ്ധനവ് ആദ്യപരിഗണനയായി മുന്നിൽ കണ്ട് 14-ാം പഞ്ചവത്സര പദ്ധതി കാലം മുതൽ ഈ സർക്കാർ സ്വീകരിച്ചു വരുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. വിള കേന്ദ്രീകൃത ആസൂത്രണത്തിൽ നിന്നും വിഭിന്നമായി കൃഷിയിടത്തിന്റെ സാധ്യതകൾ മുന്നിൽ കണ്ട് സ്വീകരിക്കുന്ന ശാസ്ത്രീയമായ സമീപനമാണിത്. നിലവിൽ വിള അടിസ്ഥാനമായുള്ള പദ്ധതികളോടൊപ്പം തന്നെ സമുചിതമായ ഭൂവിനിയോഗം കൈവരിക്കുക, സംയോജിത പോഷക പരിപാലന രീതികൾ പ്രോത്സാഹിപ്പിക്കുക, ദുരന്ത നിവാരണ തന്ത്രമായി സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുക, വിവിധ വിള സമ്പ്രദായങ്ങളിൽ വിള വൈവിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിയിടാധിഷ്ഠിത പദ്ധതികളും നടപ്പിലാക്കുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മൂല്യവർധിത കാർഷികോത്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണന ത്തിനുമായി രൂപീകരിച്ചു നടപ്പിലാക്കി വരുന്ന സംസ്ഥാനവിഷ്കൃത പദ്ധതിയാണ് "വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർധനവും" (Post Harvest Management and Value Addition). ഇടത്തരം, ചെറുകിട, സൂക്ഷ്മ കാർഷിക സംസ്കരണ/മൂല്യവർധനവ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാന വർധനവ് ഉറപ്പുവരുത്തുക, കർഷക ഉല്പാദക സംഘടനകളെ നവീകരിക്കുക, തൊഴിലവ സരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷിക മേഖലയിലെ സംരംഭകത്വത്തിലും മൂല്യവർധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായം നൽകുന്നു.

കാർഷികോല്പാദനക്ഷമത, ഉത്പ്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തി കാർഷിക വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ച് പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. വിപണനത്തിനായി പ്രത്യേക സംവിധാനം ഒരുക്കി കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി ഉത്പ്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള

| | | | |
|---|---|---|---|
| | | | അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ളപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.<br><br>കർഷകർക്ക് സുസ്ഥിരവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോത്പന്നങ്ങളുടെ കാര്യക്ഷമവുമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പവരുത്തുന്നതിനായി മൂല്യവർധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളായ 'കാർഷിക വിപണി ശക്തിപ്പെടുത്തൽ', 'വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണി ഇടപെടൽ', 'കേരള ഫാംഫ്രഷ് - പഴം പച്ചക്കറി തറവില' എന്നിവ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിലയിലെ ഏറ്റക്കുറച്ചിലുകൾ, കാര്യക്ഷമമായ വിപണന സംവിധാനത്തിന്റെ അഭാവം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം. |
| (ബി) | ഇത്തരം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) | കാർഷിക വികസന കാർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കെല്ലാം നിരന്തരമായ മോണിറ്ററിങ് സംവിധാനം വകുപ്പിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>https://www.planspace.kerala.gov.in/ എന്ന പോർട്ടലിൽ പദ്ധതി പുരോഗതി അപ്പപ്പോൾ തന്നെ രേഖപ്പെടുത്തുന്നുണ്ട്.<br><br>കൂടാതെ വകുപ്പിന്റെ പൊതു പ്രവർത്തന സംവിധാനമായി ജില്ലകളുടെ പദ്ധതി നിർവഹണ പുരോഗതി വിലയിരുത്താൻ കൃഷി ഡയറക്ടർ പ്രതിമാസ അവലോകന യോഗങ്ങൾ എല്ലാ മാസവും നടത്തുകയും ആവശ്യമായ മാർഗനിർദ്ദേശവും ഉത്തരവുകളും നൽകുകയും ചെയ്യുന്നുണ്ട്. ഓരോ പദ്ധതിയുടെയും സംസ്ഥാനതല നിർവഹണ ചുമതല അതിനായി കൃഷി അഡീഷണൽ ഡയറക്ടർക്കോ, സ്റ്റേറ്റ് കൃഷി എഞ്ചിനീയർക്കോ ആയിരിക്കും. കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ ജില്ലകളുടെ നോഡൽ ഓഫീസർമാർ എന്ന ചുമതലയും നൽകിയിട്ടുണ്ട്. ഇവർ ജില്ലകളിൽ വച്ചുതന്നെ പദ്ധതി അവലോകന യോഗങ്ങൾ യഥാസമയം നടത്താറുണ്ട്.<br><br>ജില്ലാ തലത്തിൽ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരുടെ |

| | | | |
|---|---|---|---|
| | | | യോഗങ്ങൾ എല്ലാ മാസവും നടത്തുകയും പദ്ധതി നിർവഹണം അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ അതതു കൃഷി ഡപ്യൂട്ടി ഡയറക്ടർമാർക്കായിരിക്കും പദ്ധതി നിർവഹണ ചുമതല. കൂടാതെ അവർക്കു തന്നെ വിവിധ ബ്ലോക്കുകൾ നോഡൽ ബ്ലോക്കുകളായി നൽകിയിട്ടുമുണ്ട്. കൂടാതെ ജില്ലാതല ഓഫിസർമാർ ഫീൽഡ് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുമുണ്ട്.<br><br>ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരാണ് കൃഷിഭവൻ തലത്തിൽ പദ്ധതി നിർവഹണം യഥാസമയം അവലോകനം ചെയ്യുന്നത്. മാസാമാസങ്ങളിലുള്ള യോഗങ്ങൾക്കു പുറമെ കൃഷിഭവൻ ഫീൽഡ് പരിശോധനകൾ കൂടെ നടത്തിയാണ് പദ്ധതി നിർവഹണം അവലോകനം ചെയ്യുന്നത്.<br><br>കൃഷി ഓഫിസർമാർ തങ്ങളുടെ കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പദ്ധതി നിർവഹണം യഥാസമയം വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ